
# വയനാട്ടിലെ നെൽക്കൃഷി : ഭൂതവും വർത്തമാനവും

**എം. ഗംഗാധരൻ**
നെൽവയൽ കൂട്ടായ്മ, പുൽപ്പള്ളി, വയനാട്



**പച്ചക്കുന്നുകൾക്കിടയിൽ** പരന്നുകിടക്കുന്ന നെൽവയലുകൾ തനിമയാർന്ന ഒരു വയനാടൻ പ്രകൃതിദൃശ്യത്തിന്റെ ഭാഗമായിരുന്നു, നെൽകൃഷി വയനാട്ടുകാരുടെ ഒരു ജീവിതരീതിയും. കുന്നിൻചെരുവിൽ, വയലിനോട് ചേർന്നായിരുന്നു, പഴയ വീടുകളെല്ലാം. വീട്ടുമുറ്റത്തുനിന്ന് മുന്നോട്ടുനോക്കുമ്പോൾ കണ്ണിൽ നിറയുന്നത് വയലുകളുടെ സമൃദ്ധി. ആ വയലുകളിൽ വെളിയൻ, തൊണ്ടി, പാൽത്തൊണ്ടി, തൊണ്ണൂറാംതൊണ്ടി, കയ്മ, ചോമാല, ചെമ്പത്തി, ഗന്ധകശാല എന്നിവയെല്ലാം വിളഞ്ഞു. മേടം, എടവം മാസങ്ങളിൽ വിത്തിട്ട് നടത്തുന്ന കൃഷി 'നഞ്ച'യെന്നും വൃശ്ചികം പകുതിയോടെ ആരംഭിക്കുന്ന കൃഷി 'പുഞ്ച'യെന്നും വിളിച്ചു. മഴക്കാലത്ത് വെള്ളം പൊങ്ങുന്ന വയലുകളിൽ, രണ്ടു മൂന്നാഴാചക്കാലം ജലത്തിനടിയിൽ വെളിയന്റേയും തൊണ്ടിയുടെയും കുഞ്ഞുതൈകൾ സമാധികൊള്ളും. പിന്നെ വെള്ള ഇറങ്ങുമ്പോൾ അവ കരുത്തോടെ തലയുയർത്തി വളരും. ഞാറുപാകൽ, പറിച്ചുനടൽ, ജലസേചനം എന്നിവയൊക്കെ ഒഴിവാക്കിയുള്ള രീതിയായിരുന്നു 'വാളിച്ച'. വയൽ നന്നായി പൂട്ടിയതിനുശേഷം വിത്തുവിതയ്ക്കുന്നു. നെൽച്ചെടികൾ വളർന്നുപൊങ്ങുമ്പോൾ അവക്കിടയിലെ കള നീക്കുവാനും മണ്ണിന് ഇളക്കം നൽകുവാനും 'പക്ക' (കാള വലിക്കുന്ന ഒരു യന്ത്രം) കൊണ്ട് ഒരു പ്രയോഗം. വെളിയൻ, ചെന്തായി, കല്ലടിയാരൻ തുടങ്ങിയ വിത്തുകൾ വാളിച്ചക്ക് ഉപയോഗിച്ചിരുന്നു. ജലസേചനത്തിലൂടെ 'പുഞ്ച'യെടുക്കാൻ പറ്റാത്ത വയലുകളിൽ 'പൊടിവിത'യും പതിവായിരുന്നു. വരൾച്ചയെ അതിജീവിക്കാൻ കെൽപ്പുള്ള 'അടുക്കൻ' എന്ന വിത്താണ് ഇതിനായി കൂടുതലും ഉപയോഗിച്ചിരുന്നത്.

കൊയ്ത്തുകഴിഞ്ഞ് നെൽക്കറ്റകൾ കളത്തിലെത്തിയാൽ മെതിക്കുന്നതിനും പ്രത്യേക രീതിയുണ്ട്. കളത്തിന്റെ മദ്ധ്യഭാഗത്ത് നാട്ടിയ കുറ്റിക്കുചുറ്റും കതിരുകൾ വിതറിയിടും. അഞ്ചാറുകാളകളെ ഒരു കയറിലൂടെ തമ്മിൽ കോർത്ത് കുറ്റിയുമായി ബന്ധിപ്പിക്കുന്നു. കാലികൾ കുറ്റിയ്ക്കുചുറ്റും കതിരുകൾ ചവിട്ടി പലതവണ വട്ടം കറങ്ങുമ്പോൾ നെല്ല് കൊഴിയുന്നു. ഈ രീതിയെ വയനാട്ടുകാർ 'ഒക്കൽ' എന്നുവിളിച്ചു. പിന്നീട് രണ്ടുകാളകൾ വലിക്കുന്ന സിലിണ്ടർ രൂപത്തിലുള്ള കോൺക്രീറ്റ് കല്ല് ഉപയോഗിച്ചുള്ള രീതിയും നിലവിൽ വന്നു.

കറ്റകൾ ഇളക്കിയിടാൻ മുളകൊണ്ടുള്ള 'കൊക്ക' ഉപയോഗിച്ചു. ഒറക്കൽ കഴിഞ്ഞ് നെല്ല് 'പൊലികൂട്ടി'കൊണ്ട് വലിച്ചുകൂട്ടും. മുറത്തിൽ നിറച്ച നെല്ല് കൈകളിലുയർത്തി നിലത്തേയ്ക്ക് വീഴ്ത്തുമ്പോൾ പിന്നിൽനിന്ന് 'പൊലിപ്പാറ്റിക്കൊണ്ട് ശക്തിയായി വീശി, പതിര് മാറ്റിയെടുക്കും.

ആദിവാസി പങ്കാളിത്തവും സാന്നിദ്ധ്യവുമായിരുന്നു, വയനാടൻ നെൽകൃഷിയുടെ മുഖമുദ്ര. തുടികൊട്ടും, കുഴൽവിളിയും, നൃത്തച്ചുവടുകളുമൊക്കെയായി, കൃഷിപ്പണി വേഗത്തിൽ തീർക്കാൻ തൊഴിലാളികളായ പണിയർ നടത്തിയിരുന്ന ആഘോഷമായിരുന്നു, 'കമ്പളം'. കമ്പളച്ചോറും കുമ്പളക്കറിയും കമ്പളപ്പാട്ടിലും നിറഞ്ഞുനിന്നു. കുറിച്യർ, കുറുമർ എന്നീ ആദിവാസി വിഭാഗങ്ങൾക്ക് സ്വന്തമായി കൃഷിയിടങ്ങളുണ്ട്. പണിയരും അടിയരും എന്നും ഭുവുടമകൾക്കുകീഴിൽ തൊഴിലാളികളായി തന്നെ തുടർന്നു. കുറിച്യരും കുറുമരും മകരം, കുംഭം മാസങ്ങളിൽ ഭുമിയുടെയും നെല്ലിന്റെയും ഉർവ്വരത സംരക്ഷിക്കാൻ നടത്തുന്ന 'ഉച്ചാറൽ' എന്ന ആചാരം ഇപ്പോഴും അന്യം നിന്നിട്ടില്ല.

പണത്തിനുപകരം നെല്ല് കൂലിയായി നൽകിയിരുന്ന സമ്പ്രദായമായിരുന്നു, 'വല്ലി'. പുരുഷന്മാർക്ക് മൂന്ന് സേർ. (ഏകദേശം മൂന്ന് കിലോഗ്രാം), സ്ത്രീകൾക്ക് ഒന്നര സേർ, എന്നിങ്ങനെയായിരുന്നു കൂലി. വള്ളിയൂർക്കാവ് ഉത്സവത്തിനുമുമ്പ് 'കുണ്ടൽ' എന്ന പേരിൽ മൂന്ന് പൊതി നെല്ല് പണിയർക്ക് ഭൂവുടമയിൽ നിന്ന് ലഭിച്ചിരുന്നു. പോരായ്മകൾ ഏറെയുണ്ടെങ്കിലും തവിട് കളയാതെ അരി ഉപയോഗിക്കാൻ വല്ലി സമ്പ്രദായം ആദിവാസികൾക്ക് സഹായകരമായി.

നാടൻകാലികളും നെൽകൃഷിയുടെ അവിഭാജ്യഘടകമായിരുന്നു. ചാണകവും പച്ചിലയും മാത്രം വളമായി ഉപയോഗിച്ചു. വേനൽക്കാലത്ത്, കൊയ്തൊഴിഞ്ഞ വയലുക

ളിൽ കാലികൾക്കു പാർക്കാൻ മുള കൊണ്ട് വൃത്താകൃതിയിൽ 'പിടാവ്' തീർക്കും. പിടാവിനുള്ളിൽ നിറയുന്ന ചാണകം അടുത്ത കൃഷിയിറക്കുന്നതിനു മുമ്പ് കണ്ടങ്ങളിൽ വാരിവിതറും. കാലികളുടെ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന 'അറപ്പ'യുടെ കടകട ശബ്ദം പുഴയോരങ്ങളിലും കുന്നിൻപുറങ്ങളിലും മുഴങ്ങും.

കുന്നുകളിൽനിന്ന് ഊറിയെത്തുന്ന ജലം വയലുകളുടെ മുകൾത്തട്ടിലെ 'തലക്കുള'ങ്ങളിൽ നിറയും. കൃഷിയാവശ്യത്തിനുള്ള വെള്ളത്തിന് ക്ഷാമമുണ്ടായിരുന്നില്ല. ചെറിയ തോടുകളിൽനിന്നും നീർച്ചാലുകൾ ഓരോ കണ്ടത്തിലേക്കും ഒഴുകിയെത്തി.

ഇതെല്ലാം പഴയ കഥകൾ.

ഇന്ന് വയലുകളിൽ വാഴക്കാടുകളുടെ തുരുത്തുകൾ. പഴയ വരമ്പുകളുടെ ഓർമ്മയിൽ വഴിനടന്നാൽ, വഴിതെറ്റി എവിടെയെങ്കിലുമെത്തും. പഴയ തോടുകൾ പലതും ഇല്ലാതായി. വയലുകളെ കീറിമുറിച്ച് റോഡുകൾ വന്നു. റോഡിനിരുവശത്തും വീടുകൾ വന്നു. വയലുകളിൽ പലതും ഹൗസിങ്ങ് കോളനികളായി. തെങ്ങ്, കവുങ്ങ്, എന്തിന് റബ്ബർമരങ്ങൾപോലും വയലുകളിൽ സ്ഥാനം പിടിച്ചു.

വയലുകൾ നെൽവയലുകളായി ബാക്കിയായിരുന്നെങ്കിൽ ജോലിതേടി അടിയരും പണിയരും കുടകിലെ ഇഞ്ചിത്തോട്ടങ്ങളിൽ എത്തുമായിരുന്നില്ല. അവരുടെ ചെറുപ്പക്കാർ പായ്ക്കറ്റ് ചാരായത്തിന്റെ അടിമകളായി തിരിച്ചുവരുമായിരുന്നില്ല. അവരുടെ പെൺകുട്ടികൾ കുടകിൽനിന്ന് അനാഥ ഗർഭവും പേറി ഊരുകളിലെത്തുമായിരുന്നില്ല.

ഐ.ആർ. എട്ടിൽ നിന്നാരംഭിച്ച മഹാവിപ്ലവം രാസവളങ്ങളുടെയും കീടനാശിനികളുടെയും എത്ര രക്തപ്പുഴകളാണ് ഇവിടെയൊഴുക്കിയത്! ഗന്ധകശാലയുടെ സുഗന്ധം എവിടെയാണ് പോയ്മറഞ്ഞത്? വെളിയിലെവിടെനിന്നാണ് വെളിയന്റെ നിലവിളിയുയരുന്നത്?

കാർഷികത്തകർച്ചയ്ക്ക് പരിഹാരം ടൂറിസമാണെന്ന് ഉറക്കെ വിളിച്ചുപറയുന്ന ഭരണാധികാരികളും അതു ശരിതന്നെയെന്ന് ഉറച്ചുവിശ്വസിക്കുന്ന പ്രാദേശിക നേതാക്കളും അരങ്ങ് തകർക്കുമ്പോൾ, 'നെല്ലില്ലെങ്കിൽ നിലനിൽപ്പില്ല' എന്ന് ഇനിയെങ്കിലും ചിന്തിച്ചില്ലെങ്കിൽ എന്താവും വയനാടിന്റെ ഗതി. ഭൂഗർഭജലം കുറവായ വയനാട്ടിൽ പലയിടങ്ങളിലും രൂക്ഷമായ വരൾച്ച അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. പ്രകൃതിയുടെ ജലസംഭരണികളായ വയലുകളും ചതുപ്പുകളും നിലനിർത്തേണ്ടതിന്റെ ആവശ്യകത ഇപ്പോഴെങ്കിലും തിരിച്ചറിയേണ്ടതുണ്ട്.

അവശേഷിക്കുന്ന വയലുകളിൽ നെൽകൃഷി ചെയ്യുവാൻ കൃഷിക്കാർ താൽപര്യമെടുക്കണമെങ്കിൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പ്രോത്സാഹനവും സാമ്പത്തികസഹായങ്ങളും അടിയന്തിരമായി നൽകേണ്ടതുണ്ട്. നെല്ലിന് താങ്ങുവില നൽകുക, വിളകൾക്ക് ഇൻഷൂറൻസ് ഏർപ്പെടുത്തുക, പഞ്ചായത്തുതലത്തിൽ വിത്തുബാങ്കുകൾ സ്ഥാപിക്കുക. കുറഞ്ഞ പലിശ നിരക്കിൽ നെൽകൃഷിക്ക് സാമ്പത്തിക സഹായം നൽകുക തുടങ്ങിയ ആവശ്യങ്ങൾ കൃഷിക്കാർ ഉന്നയിക്കുന്നുണ്ട്.

ഇത്തവണ വയനാട്ടിൽ നടപ്പിലാക്കിയ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽപോലും കാർഷികമേഖലയ്ക്ക് യാതൊരു പ്രാധാന്യവും നൽകിയില്ല. വനമേഖലകളിൽ ആന കിടങ്ങുകളും റോഡുകളും മരണക്കുഴികളുമൊക്കെയായി തൊഴിലുറപ്പുമാമാങ്കം അവസാനിച്ചു. കർഷകന് സഹായകരമാകുന്ന തരത്തിൽ വയലിലേക്കും, കാപ്പി, കുരുമുളക് തോട്ടങ്ങളിലേക്കും തൊഴിലുറപ്പു പദ്ധതി വ്യാപിപ്പിക്കേണ്ടതുണ്ട്.

വയനാടിന്റെ ഭൂപ്രകൃതിതന്നെ നെൽകൃഷിക്ക് യോജിച്ചതാണ്. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയാൽ ഇനിയും നെൽകൃഷി ചെയ്യുവാൻ പറ്റിയ വയലുകൾ ബാക്കിയുണ്ട്. പാടശേഖര സമിതികൾ സജീവമാക്കുകയും നെൽകൃഷി ചെയ്യുന്ന കർഷകരുടെ കൂട്ടായ്മകൾ വളർത്തിയെടുക്കുകയും വേണം.

യുദ്ധകാലാടിസ്ഥാനത്തിലുള്ള സത്വര നടപടികളാണ് നെൽകൃഷി രംഗത്ത് ഇന്നാവശ്യം. ഭക്ഷ്യധാന്യങ്ങൾക്കായി അയൽസംസ്ഥാനങ്ങളെ എന്നും ആശ്രയിക്കുന്നതിനു പകരം നിലനിൽപ്പിനായി നമ്മുടെ വയലുകളിൽത്തന്നെ നെല്ലുൽപ്പാദിപ്പിക്കാനുള്ള തീവ്രശ്രമങ്ങളാണ് ഉണ്ടാവേണ്ടത്. നെൽകൃഷിയുടെ നാശം വയനാടിന്റെ നാശമാണെന്ന് തിരിച്ചറിയുന്നതിലൂടെ കാർഷികമേഖലയിൽ പുതിയൊരു ദിശാബോധമുണ്ടാക്കാൻ കഴിഞ്ഞാൽ മാത്രമെ നിലനിൽപ്പ് ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ.


books | magazines | periodicals

BYWORD BOOKS

marva plaza, machingal lane, m.g. road, thrissur,
Tel.: 0487 3256689, Mob: 9847764577

for rare and new books

കേരളീയം പുസ്തകശാല

കേരളീയം പ്രസ്സ് പുസ്തകങ്ങൾ

• ജാഗ്രതയുടെ കാവൽമാടം-കേരളീയം കാലങ്ങളിലൂടെ

കഴിഞ്ഞ 100 ലക്കങ്ങളിലെ ഏറ്റവും ശ്രദ്ധേയമായവ
വൈവിധ്യത്തോടെ സമാഹരിക്കുന്നു

എഡിറ്റർ : കെ.ആർ. ഇന്ദിര

• പോസ്റ്റ് മാർക്സിസം

എഡിറ്റർ : ദിലീപ്‌രാജ്

• പ്ലാച്ചിമട: അനുഭവങ്ങൾ, പാളിച്ചകൾ

എഡിറ്റർ : ടി.ടി. ശ്രീകുമാർ

'കേരളീയം', കൊക്കാലെ, തൃശൂർ-21